ആദിവാസികൾ ഉൾപ്പെട്ട കേസുകളുടെ അന്വേഷണത്തിൽ പ്രത്യേക ശ്രദ്ധപതിപ്പിക്കേണ്ടതിലേക്കായി ഡിവൈ.എസ്.പി.ക്ക് കീഴിൽ ഒരു പ്രത്യേക സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അഗളി പോലീസ് സർക്കിളിന്റെ മേൽനോട്ടചുമതലയും ഈ ഡിവൈ.എസ്.പി.ക്ക് നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ സന്നദ്ധസംഘടനകളുടെയും വാളണ്ടിയർമാരുടെയും സേവനം ആവശ്യമില്ല.

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ പുരോഗതിക്കായുള്ള പദ്ധതികൾ

*14 [436] *ശ്രീ. എ. എ. അസീസ്:*

„ *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ പുരോഗതിക്കായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇവരുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കി പുതിയ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം അറിയിക്കുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി *(ശ്രീ. എ. പി. അനിൽകുമാർ):*

(എ) പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസപുരോഗതിക്കായുള്ള പദ്ധതികൾ അനുബന്ധം (1)-ലും† പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസപുരോഗതിക്കായുള്ള പദ്ധതികൾ അനുബന്ധം (2)-ലും‡ ചേർത്തിരിക്കുന്നു.

(ബി) ഉണ്ട്.

(സി) പട്ടികജാതി വിദ്യാർത്ഥികൾക്കായി നഴ്സിംഗ് സ്കൂൾ/കോളേജ് തുടങ്ങുന്നതിനുവേണ്ടിയുള്ള പ്രോജക്ട് തയ്യാറാക്കിവരുന്നു. പട്ടികവർഗ്ഗ മേഖലയിലെ വിദ്യാഭ്യാസ ഗുണനിലവാരം ഉറപ്പാക്കുന്നതിന് കേന്ദ്രസഹായത്തോടെ 504.24 ലക്ഷം രൂപ ചെലവുവരുന്ന പ്രോജക്ട്, പാലക്കാടും, കോഴിക്കോടും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഓരോ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, അട്ടപ്പാടിയിൽ സി.ബി.എസ്.ഇ. സിലബസിൽ ഒരു റസിഡൻഷ്യൽ സ്കൂൾ എന്നിവയും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

---

†അനുബന്ധം II കാണുക.

‡അനുബന്ധം II A കാണുക.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[3-8-2005-ലെ ചോദ്യം നമ്പർ *14(436)-ന്റെ ഉത്തരം ദയവായി കാണുക]

1. നഴ്സറി ക്ലാസ് മുതൽ 10-ാം ക്ലാസുവരെ സർക്കാർ അംഗീകരിച്ച സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റും കൂടാതെ ഏറ്റവും പിന്നോക്കം നിൽക്കുന്ന സമുദായ വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റും അൺ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവയും നൽകിവരുന്നു.

2. തോട്ടിപ്പണി, തുകൽ ഉറയിലിടുക തുടങ്ങിയ വൃത്തിഹീന തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവരുടെ ആശ്രിതർക്ക് ജാതി, വരുമാനം എന്നിവ നോക്കാതെ സ്കൂൾ വിദ്യാഭ്യാസത്തിന് സ്റ്റൈപ്പന്റ്, അഡ്ഹോക്ക് ഗ്രാന്റ് എന്നിവ നൽകിവരുന്നു.

3. അഞ്ചാം ക്ലാസ്സു മുതൽ ബോർഡിംഗ് സൗകര്യമുള്ള സ്കൂളുകളിൽചേർത്ത് മുഴുവൻ ചെലവും സർക്കാർ നൽകി പഠിപ്പിക്കുന്നു. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് പദ്ധതി പ്രകാരം സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികളെ കണ്ടെത്തി 5-ാം സ്റ്റാൻഡേർഡ് മുതൽ സ്കോളർഷിപ്പും മറ്റ് ചെലവുകളും നൽകുന്നു.

4. എസ്.എസ്.എൽ.സി. കഴിച്ചുള്ള വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, ഹോസ്റ്റൽ ഫീസ്, പോക്കറ്റ് മണി, ഫീസ് എന്നിവ നൽകിവരുന്നു. സ്വാശ്രയ സ്ഥാപനങ്ങളിൽ സർക്കാർ സീറ്റിൽ മെറിറ്റിലും 10% റിസർവേഷനിലും പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്കും മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

5. സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്ഥാപനത്തിന്റെ വക ഹോസ്റ്റലിലോ അംഗീകൃത ഹോസ്റ്റലിലോ സർക്കാർ ഹോസ്റ്റലിലോ പ്രവേശനം ലഭിക്കാത്തതുമൂലം പുറത്ത് സ്വകാര്യ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുകയാണെങ്കിൽ സ്റ്റൈപ്പന്റ് ആയി പ്രതിമാസം 1,000 രൂപ അനുവദിച്ചു നൽകിവരുന്നു.

6. എസ്.എസ്.എൽ.സി., +2, ഡിഗ്രി, പി.ജി. തുടങ്ങിയ കോഴ്സുകൾക്ക് ഫസ്റ്റ് ക്ലാസ് വാങ്ങി പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേകം പ്രോത്സാഹന ധനസഹായം അനുവദിച്ചു നൽകിവരുന്നു.

7. മെഡിക്കൽ, എഞ്ചിനീയറിംഗ്, അഗ്രികൾച്ചർ, വെറ്ററിനറി, എം.ബി.എ., എൽ.എൽ.ബി., എൽ.എൽ.എം. തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് റഫറൻസ് ഗ്രന്ഥങ്ങൾ വാങ്ങുന്നതിന് ബുക്ക് ബാങ്ക് പദ്ധതി നടപ്പിലാക്കുന്നു.

GPM. 2/608/2012—44

LIBRARY ARCHIVES Kerala Legislative Assembly

8. എസ്.എസ്.എൽ.സി., +2, ഡിഗ്രി പരീക്ഷയിൽ പരാജയപ്പെടുന്നവർക്കും ട്യൂട്ടോറിയലിൽ ചേർന്നു പഠിക്കുന്നതിന് ആനുകൂല്യം അനുവദിച്ചു നൽകി വരുന്നു.

9. അംഗീകാരമുള്ള സ്ഥാപനങ്ങളിൽ അപേക്ഷിച്ചിട്ടും പ്രവേശനം ലഭിക്കാത്ത പട്ടികജാതി വിദ്യാർത്ഥികൾക്ക് പാരലൽ കോളേജുകളിൽ ചേർന്ന് പഠിക്കുന്നതിന് ആനുകൂല്യം അനുവദിച്ചു നൽകിവരുന്നു.

10. പട്ടികജാതി വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് പങ്കെടുക്കുന്നതിനായി സിവിൽ സർവ്വീസ് പരീക്ഷാ പരിശീലന കേന്ദ്രം വഴി പരിശീലനം നൽകിവരുന്നു.

11. ജോലിക്കായി മത്സര പരീക്ഷകളിലും ഇന്റർവ്യൂകളിലും പങ്കെടുക്കുന്നതിനും പരിശീലനം നൽകുന്നതിനും പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു.

12. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 41 ഐ.റ്റി.സി.കളിലായി വിവിധ ട്രേഡുകളിൽ എസ്.സി.വി.റ്റി./എൻ.സി.വി.റ്റി. സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കുന്നതിനുള്ള സൗജന്യ പരിശീലനം, സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ് എന്നിവ നൽകിവരുന്നു. കൂടാതെ പ്രൈവറ്റ് വൊക്കേഷണൽ സ്ഥാപനങ്ങളിൽ സ്റ്റൈപ്പന്ററി സീറ്റുകളിൽ പ്രവേശനം ലഭിക്കുന്നവർക്കും ഫീസ്, സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ് എന്നിവ നൽകിവരുന്നു.

13. വീടുകളിൽനിന്നും ദൂരക്കൂടുതലുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടിക ജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുവാൻ വകുപ്പിന്റെ കീഴിൽ പ്രീമെട്രിക് ഹോസ്റ്റലുകളും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു.

14. പാരാ മെഡിക്കൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക ഹോസ്റ്റൽ സൗകര്യം.

15. സംസ്ഥാനത്ത് പഠന സൗകര്യമില്ലാത്ത കോഴ്സുകൾക്ക് സംസ്ഥാനത്തിന് പുറത്ത് പഠിക്കുന്നതിനുള്ള യഥാർത്ഥ താമസ, ഭക്ഷണ ചെലവും, ഫീസ്, ലംപ്സംഗ്രാന്റ്, പോക്കറ്റ് മണി എന്നിവയും നൽകിവരുന്നു.

16. സ്പോർട്സിലും ഗെയിംസിലും സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികളെ കണ്ടെത്തി പ്രത്യേക കോച്ചിംഗ് സൗകര്യത്തോടുകൂടി താമസിപ്പിച്ചു പഠിപ്പിക്കുന്നതിന് സ്പോർട്സ് സ്കൂൾ ആരംഭിച്ച് പ്രവേശനം നൽകി എല്ലാ ചെലവുകളും നൽകി സർക്കാർ പഠിപ്പിക്കുന്നു.

17. ഐ.ഐ.എം.ന്റെ കീഴിൽ പട്ടികജാതി വിദ്യാർത്ഥികളുടെ മാനസികവും ബുദ്ധിപരവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനായി "സെന്റർ ഓഫ് എക്സലൻസ്" വഴി പ്രത്യേക പരിശീലനം നൽകുന്നുണ്ട്.

18. വക്കീൽ പരീക്ഷ പാസ്സാകുന്നവർക്ക് വക്കീലായി പ്രാക്ടീസ് ചെയ്യുന്നതിലേക്ക് സാമ്പത്തികാനുകൂല്യം നൽകിവരുന്നു.

19. പട്ടികജാതി വിഭാഗത്തിൽപ്പെട്ട റാങ്ക് ജേതാക്കൾക്ക് സ്വർണ്ണ മെഡൽ നൽകി അനുമോദിക്കുന്നു.

LIBRARY ARCHIVES Kerala·Legislative Assembly

അനുബന്ധം II A

[3-8-2005-ലെ ചോദ്യം നമ്പർ *14 (436)-ന്റെ ഉത്തരം ദയവായി കാണുക]

പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ പുരോഗതിക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ

1. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി 109 പ്രീമെട്രിക് ഹോസ്റ്റലുകൾ.
2. ട്യൂട്ടോറിയലുകളിൽ ചേർന്നു പഠിക്കുന്ന കുട്ടികൾക്ക് ധനസഹായം .
3. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം.
4. പട്ടികവർഗ്ഗത്തിൽപ്പെട്ട ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഭാരതദർശൻ പരിപാടി.
5. അയ്യൻകാളി മെമ്മോറിയൽ ടാലന്റ് സേർച്ച് ആന്റ് ഡെവലപ്പ്മെന്റ് സ്കീം.
6. ഉന്നതനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിനായി 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ/ആശ്രമം സ്കൂളുകൾ.
7. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സാമർത്ഥ്യം മെച്ചപ്പെടുത്തുന്നതിനുള്ള കേന്ദ്ര സഹായ പദ്ധതി.
8. മെട്രിക്കുലേഷനുശേഷമുള്ള പഠനത്തിന് സ്കോളർഷിപ്പുകളും, മറ്റു ആനുകൂല്യങ്ങളും.
9. മെട്രിക്കുലേഷനുമുമ്പുള്ള പഠനത്തിന് ലംപ്സംഗ്രാന്റും പ്രതിമാസ സ്റ്റൈപ്പന്റും.
10. ലോവർപ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വസ്ത്ര വിതരണം.
11. സന്നദ്ധ സംഘടനകൾ നടത്തുന്ന ഹോസ്റ്റലുകളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാന്റ്.
12. വിദഗ്ദ്ധരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം.
13. പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രോത്സാഹന ധനസഹായം.
14. പ്രീപ്രൈമറി വിദ്യാർത്ഥികൾക്കായി 14 നഴ്സറി സ്കൂളുകൾ.
15. ദുർഘട പ്രദേശങ്ങളിൽ ഏകാദ്ധ്യാപക സ്കൂളുകൾ.
16. പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കായി പെരിപതറ്റിക് അദ്ധ്യാപകർ.
17. പ്രീമെട്രിക് ഹോസ്റ്റലുകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും സ്റ്റുഡന്റ്സ് കൗൺസിലിംഗ്.

LIBRARY ARCHIVES Kerala Legislative Assembly

18. 8, 9, 10 ക്ലാസ്സുകളിൽ പ്രത്യേക ട്യൂഷൻ.

19. എസ്.എസ്.എൽ.സി., +2 പരീക്ഷകൾക്ക് പ്രത്യേക കോച്ചിംഗ് ക്ലാസ്സുകൾ.

20. പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് വ്യക്തിത്വ വികസനവും ഇംഗ്ലീഷ് ഭാഷ പരിജ്ഞാനവും പ്രദാനം ചെയ്യുന്നതിന് പ്രത്യേക പരിശീലനം.

21. തിരുവനന്തപുരത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പോസ്റ്റ്മെട്രിക് ഹോസ്റ്റൽ.

അനുബന്ധം III

[3-8-2005-ലെ ചോദ്യം നമ്പർ 3 (2983)-ന്റെ ഉത്തരം ദയവായി കാണുക]

പട്ടികജാതി വികസന വകുപ്പ്

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആവിഷ്കരിച്ച് നടപ്പിലാക്കിയ പരിപാടികൾ

1. എസ്.എസ്.എൽ.സി., പ്ലസ്ടു, മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിലെ റാങ്ക് ജേതാക്കൾക്ക് അവാർഡ് ഏർപ്പെടുത്തി.

2. അയ്യൻകാളി ജന്മദിനാഘോഷം വിപുലമായി നടത്തിവരുന്നു.

3. വിവിധ ക്ഷേമ പദ്ധതികളും മറ്റും ഉൾക്കൊള്ളിച്ചുകൊണ്ട് പടവുകൾ എന്ന മാസിക പ്രസിദ്ധീകരിച്ചുതുടങ്ങി.

4. ഐക്യദാർഢ്യ പക്ഷാചരണത്തോടനുബന്ധിച്ച് ഐക്യദാർഢ്യ സന്ദേശ യാത്രകൾ നടത്തിവരുന്നു.

5. ക്ഷേത്രപ്രവേശന വിളംബര സ്മാരക ദിനാഘോഷത്തോടനുബന്ധിച്ച് തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ ഇതര വിഭാഗത്തിൽപ്പെട്ട ഓരോ സാമുദായിക പ്രവർത്തകർക്കും ഒരു സന്നദ്ധ സംഘടനയ്ക്കും ക്യാഷ് അവാർഡും ഫലകവും ഏർപ്പെടുത്തി.

6. പട്ടികജാതി/പട്ടികവർഗ്ഗക്ഷേമ പ്രവർത്തനങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്ന മാധ്യമ പ്രവർത്തകന് ക്യാഷ് അവാർഡും ഫലകവും അടങ്ങുന്ന ഡോ. അംബേദ്കർ മാധ്യമ അവാർഡ് ഏർപ്പെടുത്തി.

7. കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ ഓരോ മോഡൽ റസിഡൻഷ്യൽ സ്കൂൾ വീതം ആരംഭിക്കുന്നതിന് അനുമതി നൽകി.

8. പ്രൊഫഷണൽ ഹൈടെക് കോഴ്സുകളിലേക്കും മറ്റും പ്രവേശനം ലഭിക്കുന്നതിനുള്ള പരീക്ഷയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് കോച്ചിംഗ് നൽകുന്ന പദ്ധതി (ഹൈടെക് കോഴ്സ്) ആരംഭിച്ചു.

9. ജേർണലിസം കോഴ്സിന് പരിശീലനം നൽകുന്ന പദ്ധതി ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly